Prot.No.MPL 57/15/4

28/11/2015

# ഇടയലേഖനം

MY LORD MY GOD

ഈശോയിൽ പ്രിയ ബഹുമാന വൈദികരേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ അമലോത്ഭവമാതാവിന്റെ തിരുന്നാൾ ദിനമായ 2015 ഡിസംബർ 8 മുതൽ ക്രിസ്തുരാജ തിരുന്നാൾ ദിനമായ 2016 നവംബർ 20 വരെ കരുണയുടെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലൊ. ഈ ഡിസംബർ 8 രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ സമാപനത്തിന്റെ അമ്പതാം വാർഷികം കൂടിയാണ്.

‘‘നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ’’(ലൂക്ക 6:36) എന്ന സുവിശേഷ സന്ദേശമാണ് കരുണയുടെ വർഷത്തിന്റെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. ഇത് നമ്മുടെ ജീവിത പദ്ധതിയാകണമെന്ന് പാപ്പ ആഗ്രഹിക്കുന്നു. ദൈവ പിതാവിൽ നിന്ന് കരുണ സ്വീകരിക്കുന്ന നമ്മൾ കൂടുതൽ ഫലപ്രദമായി കരുണയുടെ അടയാളങ്ങൾ ആകണം. അതാണ് കരുണയുടെ വർഷത്തിന്റെ ലക്ഷ്യം. കരുണ ദൈവത്തിന്റെ പ്രവൃത്തി മാത്രമല്ല; അത് ദൈവമക്കളായ നമ്മെ നിർണ്ണയിക്കുന്ന മാനദണ്ഡം കൂടിയാണ്. ക്രൈസ്തവ ജീവിതത്തിന്റെ അന്തഃസത്തയാണ് കരുണ. അത് സഭാജീവിതത്തിന്റെ അടിസ്ഥാനവുമാണ്. സഭ എവിടെയെല്ലാമുണ്ടോ, അവിടെയെല്ലാം ദൈവത്തിന്റെ കരുണ നിറഞ്ഞു നില്ക്കണം. സ്നേഹമാണ് ഒന്നാമത്തെ സത്യമെന്ന് കരുണയുടെ അഭ്യസനത്തിലൂടെ നാം തിരിച്ചറിയണം.

കരുണയുടെ ഈ വർഷം നാം നടപ്പാക്കാനായി പരിശുദ്ധപിതാവ് തന്നെ ഏതാനും പ്രായോഗിക കാര്യങ്ങൾ നിർദ്ദേശിക്കുന്നുണ്ട് .

1. കരുണയുടെ വർഷത്തിൽ വിശുദ്ധ സ്ഥലങ്ങളിലേക്ക് തീർത്ഥാടനം നടത്തുക. കരുണയും ത്യാഗവും സമർപ്പണവും പ്രാർത്ഥനാ ചൈതന്യവും ഉപവാസവും തീർത്ഥാടനത്തിന് ആവശ്യമാണ്.

2. ആരെയും കുറ്റം വിധിക്കാതിരിക്കുക. ലൂക്കായുടെ സുവിശേഷം 6-ാം അദ്ധ്യായം 37-38 വാക്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കുക. ''വിധിക്കരുത്; നിങ്ങളും വിധിക്കപ്പെടുകയില്ല. കുറ്റാരോപണം നടത്തരുത്; നിങ്ങളുടെമേലും കുറ്റം ആരോപിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കപ്പെടും. കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും.''

3.ശാരീരികവും ആത്മീയവുമായ 14 കാരുണ്യപ്രവൃത്തികൾ അഭ്യസിക്കുക.

a) ശാരീരികമായവ:-

(1) വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക.

(2)ദാഹിക്കുന്നവർക്ക് കുടിക്കുവാൻ കൊടുക്കുക.

(3)വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുക.

(4)വീടില്ലാത്തവർക്ക് പാർപ്പിടം കൊടുക്കുക.

(5)രോഗികളെയും തടവുകാരെയും സന്ദർശിക്കുക.

(6)അവശരെ സഹായിക്കുക.

(7)മരിച്ചവരെ അടക്കുക.

b) ആത്മിയമായവ:-

(1)അറിവില്ലാത്തവരെ പഠിപ്പിക്കുക.

(2)സംശയമുള്ളവരുടെ സംശയം തിർക്കുക.

(3)ദുഃഖിതരെ ആശ്വസിപ്പിക്കുക.

(4)തെറ്റുചെയ്യുന്നവരെ തിരുത്തുക.

(5)ഉപദ്രവങ്ങൾ ക്ഷമിക്കുക.

(6)അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുക.

(7)ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക.

4. ഈ വരുന്ന വലിയ നോമ്പുകാലത്ത് അനുരഞ്ജന കൂദാശ തക്ക ഒരുക്കത്തോടെ ആഘോഷമായി സ്വീകരിക്കുക.

5. കരുണയുടെ വർഷത്തിൽ രൂപതയിൽ അതിനായി നിശ്ചയിക്കപ്പെട്ട പള്ളി സന്ദർശിച്ച് പ്രാർത്ഥിച്ച് ദണ്ഡവിമോചനം നേടുക.

പരിശുദ്ധപിതാവിന്റെ ആഹ്വാനം സ്വീകരിച്ചു കൊണ്ട് നമ്മുടെ രൂപതയിൽ കരുണയുടെ വർഷം 2015 ഡിസംബർ 13-ാം തിയതി ഞായറാഴ്ച ഔദ്യോഗികമായി ഉത്ഘാടനം ചെയ്യപ്പെടുന്നതാണ്. അന്ന് നമ്മുടെ രൂപതയിലെ എല്ലാ വിശ്വാസി സമൂഹങ്ങളിലും കരുണയുടെ വർഷാചരണത്തിന്റെ ആരംഭം കുറിക്കണമെന്ന് എല്ലാവരെയും ഉത്ബോധിപ്പിക്കുന്നു. അന്ന് കുർബാനക്കു ശേഷം ദൈവത്തിന്റെ അനന്തകാരുണ്യത്തിനു നന്ദി പറയുന്ന 136-ാം സങ്കീർത്തനം ആലപിച്ചുകൊണ്ട് ഉചിതമായ കർമ്മങ്ങളോടെ കരുണയുടെ വർഷം നമുക്ക് ആരംഭിക്കാം. മിക്കലത്തുള്ള നമ്മുടെ കപ്പേള സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് കരുണയുടെ വർഷത്തിൽ പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുന്ന ദണ്ഡവിമോചനം നേടാവുന്നതാണ്.

കരുണയുടെ വർഷത്തിൽ ഓരോ മാസത്തിലും നമുക്ക് അഭ്യസിക്കാവുന്ന ഏതാനും നല്ല കാര്യങ്ങൾ നിർദ്ദേശിക്കട്ടെ.

***<u>ഡിസംബർ</u>*** മാസത്തിൽ, ക്രിസ്മസ്സിന് ''ഉണ്ണീശോയ്ക്ക് ഒരുടുപ്പ്'' എന്ന പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവർക്ക് വസ്ത്രം കൊടുക്കാൻ എല്ലാവരും പണം സംഭാവന നല്കാൻ ക്ഷണിക്കുന്നു. മംഗലവാർത്തക്കാലത്ത് കുട്ടികൾ ചെറിയ പ്രാശ്ചിത്ത പ്രവൃത്തികൾ വഴി ഓരോ ദിവസവും മാറ്റിവെക്കാവുന്ന ചെറിയ സമ്പാദ്യം ഉണ്ണീശോയ്ക്കുള്ള അവരുടെ സമ്മാനമായി ക്രിസ്മസ്സ് ദിവസം പള്ളിയിൽ കൊണ്ടു വരുന്നത് എല്ലാവർക്കും പ്രചോദനാത്മകമായിരിക്കും. ക്രിസ്മസ്സ് കുർബാനക്കിടയിൽ അതു സ്വീകരിച്ച് രൂപതാ കേന്ദ്രത്തിലേക്ക് എത്തിക്കുക. കുന്നന്താനം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ''ദൈവപരിപാലനയുടെ സഹോദരികൾ'' നടത്തുന്ന ആതുരാലയങ്ങളിലെ നിത്യരോഗികളായ അന്തേവാസികൾക്ക് നമ്മുടെ രൂപതയുടെ ക്രിസ്മസ്സ് സമ്മാനമായി അത് എത്തിക്കുന്നതാണ്.

***ജനുവരി*** 26 ഇന്ത്യയുടെ റിപ്പബ്ലിക്ക് ദിനമാണല്ലോ. അന്നു തന്നെയാണ് ഓസ്ട്രേലിയയുടെ ദേശീയ ദിനവും. നമ്മുടെ മാതൃരാജ്യത്തിനു വേണ്ടിയും നമ്മെ സ്വീകരിച്ച ഈ നാടിനു വേണ്ടിയും പ്രാർത്ഥിക്കാനുള്ള അവസരമാണിത്.

***ഫെബ്രുവരി*** 11–ാം തിയതി ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ ദിവസം രോഗിദിനമായി നാം ആചരിക്കണം. ആ അവസരത്തിൽ രോഗികൾക്കു വേണ്ടി കുർബാന അർപ്പിക്കാനും പ്രാർത്ഥിക്കുവാനും രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും നമുക്ക് ശ്രമിക്കാം.

***മാർച്ചു*** മാസം നോമ്പുകാല ചൈതന്യത്തോടെ സവിശേഷമായി നമുക്ക് ആചരിക്കാം. പരിശുദ്ധ പിതാവിന്റെ ആഹ്വാനം സ്വീകരിച്ചു കൊണ്ട് മാർച്ച് 4,5(വെള്ളി,ശനി) ദിവസങ്ങളിൽ ‘‘24 മണിക്കൂർ കർത്താവിന്’’ പ്രാർത്ഥനയിൽ ചെലവഴിക്കാം. വാർഷികധ്യാനത്തിൽ താല്പര്യത്തോടെ പങ്കെടുത്ത് അനുരഞ്ജന കൂദാശയിലൂടെ പാപമോചനം നേടി ഉയിർപ്പു തിരുന്നാൾ വിശ്വാസ ചൈതന്യത്തോടെ ആഘോഷിക്കാം.

***ഏപ്രിൽ*** മാസത്തിൽ പുതു ഞായർ ദൈവിക കരുണയുടെ ദിനമായി പ്രത്യേകം ആചരിക്കാം. വിശുദ്ധ ഫൗസ്റ്റീനയുടെയും ജോൺ പോൾ രണ്ടാമന്റെയും മാധ്യസ്ഥം അപേക്ഷിക്കാം. നമ്മുടെ രൂപതയിലെ എല്ലാ സമൂഹങ്ങളിലും യുവജനങ്ങളെ സംഘടിപ്പിച്ച് യൂത്ത് അപ്പസ്റ്റൊലേറ്റിന് രൂപം കൊടുക്കാൻ ഏപ്രിൽ മാസത്തിൽ നാം തീവ്രയത്നം നടത്തണം. അതിനായി നമ്മുടെ യുവജനങ്ങൾ മുന്നോട്ടുവരാൻ ഞാൻ അവരെ ആഹ്വാനം ചെയ്യുന്നു.

***മെയ്*** മാസം_ദൈവമാതാവിന്റെ വണക്കത്തിന്റെ അവസരമാണല്ലോ. ഈ മാസം ഗർഭിണികൾക്കും മക്കളില്ലാത്തവർക്കും വേണ്ടി പ്രാർത്ഥിക്കാനും അവരെ പ്രത്യേകം ആശീർവ്വദിക്കാനും പ്രത്യേക കുർബാന അർപ്പിക്കാൻ നമ്മുടെ സമൂഹങ്ങളെ ക്ഷണിക്കുന്നു. ഗർഭഛിദ്രത്തിനു വിധേയരായി കൊല്ലപ്പെടുന്ന കുഞ്ഞുങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം. ജീവന്റെ മൂല്യത്തെപ്പറ്റിയുള്ള അവബോധം വളർത്താൻ നമുക്ക് ശ്രമിക്കാം. മെയ് മാസത്തിൽ നമുക്ക് ചെയ്യാവുന്ന മറ്റൊരു കാര്യം ക്രൈസ്തവ കുടുംബജീവിതത്തിന്റെ പരിശുദ്ധിയും പരിപാവനതയും പ്രാധാന്യവും പങ്കുവെക്കാൻ പറ്റുന്ന കുടുംബകൂട്ടായ്മകളുടെ ആഘോഷമാണ്. ഇടവകതലത്തിൽ ഇത് സംഘടിപ്പിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

***ജൂൺ*** മാസം തിരുഹൃദയ വണക്കത്തിന്റെ അവസരമാണല്ലോ. നമ്മുടെ ഭവനങ്ങൾ ആശീർവ്വദിക്കാനും തിരുഹൃദയ പ്രതിഷ്ഠ പുതുക്കാനുമുള്ള അവസരം ദൈവത്തിന്റെ കരുണയുടെ അനുഭവത്തിലേക്ക് നമ്മെ നയിക്കും.

***ജൂലായ്*** 3–ാം തിയതി ദുക്റാന തിരുന്നാൾ ‘‘സഭാദിനം’’ആയി സവിശേഷമായി ആചരിച്ച് വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ നല്ല മക്കളാകാൻ നമുക്ക് ശ്രമിക്കാം. ‘‘എന്റെ കർത്താവേ, എന്റെ ദൈവമേ’’ എന്ന വിശ്വാസപ്രഖ്യാപനം നമുക്ക് സ്വന്തമാക്കാം. തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും ജീവചരിത്രം പഠിക്കാനും അവരുടെ മാതൃക അനുകരിക്കാനും നമുക്ക് ശ്രമിക്കാം. ഇതിനായി കുട്ടികളെ പ്രോത്സാഹിപ്പിക്കാം. ‘‘സഭാദിനം’’ആയ ജൂലായ് 3ന് പള്ളികളിൽ ലഭിക്കുന്ന പിരിവ് സീറോമലബാർ സഭയുടെ പൊതുകാര്യാലയത്തിനു വേണ്ടിയുള്ളതാകയാൽ പ്രസ്തുതസംഖ്യ രൂപതാ കേന്ദ്രത്തിലേക്ക് എത്തിക്കേണ്ടതാണ്. വിശുദ്ധ അന്നയുടെയും ജൊവാക്കിമിന്റെയും തിരുന്നാൾ ദിവസമായ ജൂലായ് 16–ാം തിയതിയൊ അതിനടുത്ത ഞായറാഴ്ചയോ Grandparents Day ആചരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ കുഞ്ഞുങ്ങളെ ഓർമ്മിപ്പിക്കുന്നു. ജൂലായ് 26 മുതൽ 31 വരെ പോളണ്ടിലെ ക്രാക്കോവിൽ വച്ചു നടക്കുന്ന World Youth Day വിജയിക്കാൻ എല്ലാവരും പ്രാർത്ഥിക്കുമല്ലൊ. ഓസ്ട്രേലിയായിൽ നിന്ന്, പ്രത്യേകിച്ച് നമ്മുടെ രൂപതയിൽ നിന്ന് പോകുന്ന ഡെലഗേറ്റ്സിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

***ആഗസ്റ്റ്*** 4 വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിനം സഭയിലെ മെത്രാന്മാർക്കും വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ രൂപതക്കായി വൈദിക വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളിക്കായി നമുക്ക് തീക്ഷണമായി പ്രാർത്ഥിക്കാം.

***സെപ്റ്റംബർ*** മാസത്തിൽ പാവപ്പെട്ടവരെ സഹായിക്കാനും ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഉത്സുകരാകാനും ശ്രമിച്ചുകൊണ്ട് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ (സെപ്റ്റംബർ 14) നമുക്ക് ആഘോഷിക്കാം. വിൻസെന്റ് ഡീപോൾ പോലുള്ള സംഘടനകളുമായി സഹകരിച്ച് നമ്മുടെ പ്രദേശത്തെ സാധുക്കൾ വേണ്ടി സൂപ്പ് കിച്ചൺ സജ്ജമാക്കുന്നത് നല്ലതായിരിക്കും. നമ്മുടെ രൂപതയുടെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി സെപ്റ്റംബർ 23,24,25 തിയതികളിൽ സിഡ്നിയിൽ വച്ചു നടക്കുന്ന കൃപാഭിഷേക കൺവെൻഷനിൽ പങ്കെടുക്കുവാൻ ഏവരേയും ക്ഷണിക്കുന്നു.

***ഒക്ടോബർ*** മാസത്തിൽ ജപമാല പൂർവ്വാധികം ഭക്തിയോടെ ഭവനങ്ങളിലും വാർഡുകളിലും ചൊല്ലി ദൈവമാതാവിന്റെ മാദ്ധ്യസ്ഥം യാചിക്കാം.ഇതോടൊപ്പം കരുണകൊന്തയും ഭക്തിപൂർവ്വം ചൊല്ലാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

***<u>നവംബർ</u>*** മാസം മരിച്ച വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന പ്രത്യേക അവസരമാണല്ലോ. അതോടൊപ്പം ബൈബിൾ വായനക്കും, പഠനത്തിനും, പ്രചരണത്തിനും ഈ അവസരം നമുക്ക് പ്രയോജനപ്പെടുത്താം. നവംബർ 20ന് ക്രിസ്തുരാജ തിരുന്നാൾ ആഘോഷിച്ചു കൊണ്ട് കരുണയുടെ വർഷാചരണത്തിന്റെ സമാപനം സമുചിതമായി കുറിക്കാനായി എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

കരുണയുടെ വർഷാചരണത്തിനു സഹായമായ മാർഗ്ഗരേഖയും പ്രാർത്ഥനയും അയച്ചു തരുന്നത് ശ്രദ്ധാപൂർവ്വം വായിക്കാനും നിർദ്ദേശങ്ങൾ നടപ്പിലാക്കാനും എല്ലാവരെയും ഞാൻ ക്ഷണിക്കുന്നു.

പ്രിയപ്പെട്ടവരേ, 2015 ഇതാ കടന്നുപോകാറായി. വീണ്ടും ഒരു ക്രിസ്മസ്സിന് ഒരുക്കമായി മംഗലവാർത്തകാലം ആരംഭിച്ചിരിക്കുകയാണല്ലോ. വെള്ളിയാഴ്ചകളിൽ മാംസം വർജ്ജിക്കുന്ന നമ്മുടെ പൂർവ്വികരുടെ നല്ല പാരമ്പര്യം അനുകരിക്കാനത് വളരെ ഉത്തമമാണെന്ന് നിങ്ങളെ അനുസ്മരിപ്പിക്കുന്നു. നമുക്ക് ആത്മീയമായി ഈശോയെ സ്വീകരിക്കാൻ ഒരുങ്ങാം. പുതുവർഷത്തിൽ സമാധാനം ലോകത്തിൽ നിലനില്ക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

എന്ന്

സ്നേഹത്തോടെ നിങ്ങളുടെ പിതാവ്

**+ബോസ്കോ പുത്തൂർ**

രൂപതാ കാര്യാലയത്തിൽ നിന്ന്

2015 നവംബർ 28

NB:ഈ ഇടയലേഖനം ഡിസംബർ 6–ാം തിയതി ഞായറാഴ്ച കുർബാന മധ്യേ വായിക്കേണ്ടതാണ്.